**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 6219** 02.04.2018- ൽ മറുപടിയ്ക്ക്

# സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് സിസ്റ്റം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(ബഹു.സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് സിസ്റ്റം നിലവിൽ വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാന സഹകരണ ബാങ്കിലും 14 ജില്ലാ സഹകരണ ബാങ്കുകളിലും കോർ ബാങ്കിംഗ് സിസ്റ്റം നിലവിൽ വന്നിട്ടുണ്ട്. ഏകദേശം 35% പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും 45 അർബൻ സഹകരണ സംഘങ്ങളിലും ബാങ്കുകൾക്കുള്ളിലെ കോർ ബാങ്കിംഗ് സൗകര്യം നിലവിലുണ്ട്. |
| (ബി) | കോർ ബാങ്കിംഗ് സംവിധാനം ആരംഭിച്ചത് എന്നാണെന്നും, നിലവിൽ ഏതെല്ലാം സഹകരണ സ്ഥാപനങ്ങളിലാണ് ഇത് നടപ്പിലാക്കേണ്ടതെന്നും വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ സഹകരണ മേഖലയിൽ ആദ്യമായി കോർ ബാങ്കിംഗ് സംവിധാനം ആരംഭിച്ചത് 2004 ആണ്. നിലവിൽ സംസ്ഥാന സഹകരണ ബാങ്കിലും 14 ജില്ലാ സഹകരണ ബാങ്കുകളിലും കോർ ബാങ്കിംഗ് സംവിധാനം നിലവിലുണ്ട്. എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (സി) | ഈ ആവശ്യത്തിലേക്കായി മുഖ്യമന്ത്രിയോ സഹകരണമന്ത്രിയോ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് ചേർത്തിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | കോർ ബാങ്കിംഗ് സംബന്ധിച്ച് ഏതെങ്കിലും ഏജൻസികൾ സർക്കാരിന് പദ്ധതി നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയിൽ നിന്ന് സമർപ്പിച്ച പദ്ധതിപ്രകാരമാണ് നടപ്പാക്കുന്നതെന്നും ആകെ എത്ര കോടി രൂപ ചെലവ് വരുമെന്നും അറിയിക്കാമോ? | (ഡി) | പ്രാഥമിക സംഘങ്ങളിൽ കോർ ബാങ്കിംഗ് സൊല്യൂഷൻ നടപ്പാക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ